# ഇസ്രായേൽ രാഷ്ട്രത്തിന്റെ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഡിസംബർ 01, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 ഡിസംബർ 1 ന് ദുബായിൽ നടന്ന COP 28 ഉച്ചകോടിയുടെ ഭാഗമായി ഇസ്രായേൽ രാഷ്ട്രത്തിന്റെ പ്രസിഡന്റ് HE ശ്രീ. ഐസക് ഹെർസോഗുമായി ഒരു ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

മേഖലയിൽ നടക്കുന്ന ഇസ്രായേൽ-ഹമാസ് സംഘർഷത്തെക്കുറിച്ച് ഇരു നേതാക്കളും അവരുടെ അഭിപ്രായങ്ങൾ കൈമാറി. ഒക്‌ടോബർ ഏഴിലെ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടതിൽ പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തുകയും ബന്ദികളെ മോചിപ്പിച്ചതിനെ സ്വാഗതം ചെയ്യുകയും ചെയ്തു.

ദുരിതബാധിതരായ ജനങ്ങൾക്ക് മാനുഷിക സഹായം തുടർച്ചയായി സുരക്ഷിതമായി എത്തിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി ആവർത്തിച്ചു. ദ്വിരാഷ്ട്ര പരിഹാരത്തിനുള്ള ഇന്ത്യയുടെ പിന്തുണയും സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും ഇസ്രായേൽ പലസ്തീൻ പ്രശ്നത്തിന് നേരത്തെയുള്ളതും സുസ്ഥിരവുമായ പരിഹാരത്തിനും അദ്ദേഹം ഊന്നൽ നൽകി.

ഇന്ത്യയുടെ G20 പ്രസിഡൻസിയുടെ വിജയത്തിൽ പ്രസിഡന്റ് ഹെർസോഗ് പ്രധാനമന്ത്രിയെ അഭിനന്ദിക്കുകയും ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് എക്കൊണോമിക് കോറിഡോറിന്റെ ( സാമ്പത്തിക ഇടനാഴിയുടെ) സമാരംഭത്തെ സ്വാഗതം ചെയ്യുകയും ചെയ്തു.

**ദുബായ്**
**ഡിസംബർ 01, 2023**